# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.943 29.09.2011 ൽ മറുപടിക്ക്

<u>കാക്കാഴം എസ്.എൻ.വി.എച്ച്.എസ്. സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി.സുധാകരൻ | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു:വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | കാക്കാഴം എസ്.എൻ.വി. എച്ച്.എസ് സർക്കാർ ഏറ്റെടുത്തുകൊണ്ടുള്ള നടപടി ക്രമങ്ങൾ പൂർത്തിയായോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ; | എ) | ജി.ഒ(കൈ)നം.9/2011/പൊ.വിവ തീയതി 18.01.2011 പ്രകാരം കാക്കാഴം എസ്.എൻ വി.എച്ച്.എസ്. സർക്കാർ ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവ് പ്രകാരം സ്കൂൾ തത്വത്തിൽ ഏറ്റെടുത്തെങ്കിലും ഇതു സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടപ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | അമ്പലപ്പുഴ എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ സ്കൂൾ പി.ടി.എ നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | ബി) | സ്കൂൾ ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറും ജില്ലാ വിദ്യാഭ്യാസ ഓഫീസറും തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ